

# മണിമുഴങ്ങുന്നത് ആർക്കുവേണ്ടി?

I സലാം കരുവമ്പൊയിൽ

ഒരു ഇരവിൽ,
ആകാശത്തു പൂത്ത
ചന്ദ്രനക്ഷത്ര ജാലങ്ങൾ
യുഗശില്പി ഇബ്രാഹിം,
ഇങ്ങനെ വായിച്ചു:
“മിന്നിയും ചിന്നിയും
തിരോഭവിക്കുന്ന ഈ ദീപ മാലകൾ
മിഥ്യയുടെ
പത്തായപ്പുരകൾ വിവസ്ത്രമാക്കും.”

ഒരു പകൽ,
നെഞ്ചകം, പഴുത്തുകുലച്ച
ഒരു വെളിപാടിന്റെ
മഞ്ജീര ധ്വനികളിൽ,
പ്രാർഥനാലയത്തിലെ
ദേവകുലപതിയുടെ തോളിൽ
വിഗ്രഹ ഭഞ്ജനത്തിന്റെ
ചോരച്ചീന്തുകൾ മുക്കിയ
മഴുചാർത്തി,
ക്ഷുഭിത യൗവനം ഇബ്രാഹിം,
ഇവ്വിധം മൊഴിഞ്ഞു:

“ഇന്ന്,
നംറൂദിസത്തിന്റെ
പട്ടുടയാടകൾ
അഴിഞ്ഞു വീഴും.
സാത്താന്റെ
ഊട്ടുപുരകൾ,
കിടുകിടുങ്ങും.”

വേറൊരുനാൾ,
അപരാഹ്നങ്ങളുടെ
അവസാനത്തെ തിരിയും കത്തവെ,
കാഴ്ചകളിൽ
നിലാവു പുതപ്പിച്ചും,
മൗനത്തിന്റെ
വെയിൽ കിളിർത്ത കിനാവായും
ഇസ്മാഈൽ
തിമിർത്തു പെയ്യവെ,
അരുളപ്പാടിന്റെ മുരശൊലിയിൽ
ദൈവ സതീർഥ്യൻ ഇബ്രാഹിം
ഇപ്രകാരം ചോദിച്ചു:

“തിങ്കളേ,
ഈ കഠാര തിളപ്പിന്റെ
വിശപ്പ്
നീ പൂരിപ്പിക്കുമോ?”

*** **** ***

വിഹായസ്സുണ്ട്,
താരാപഥങ്ങളുണ്ട്,
ആയുധപ്പുരകളുണ്ട്
അനാഥമായിപ്പോകുന്നത്
ആരാണ്?